ശ്രീ. ടി. വി. തോമസ്: മുന്നറിപേരാളം കാണും.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇനും അവക്ക കൊടുത്തുവരുന്ന പ്രതിഫലം എന്താണ്?

ശ്രീ. ടി. വി. തോമസ്: മെയിൽ ബാഗുകളും എടുക്കുന്നതിനും പീസ് റേറ്റ് സിസ്റ്റമാണ്. പാസഞ്ചേഴ്സിന്റെ ലഗ്ഗേജ് എടുക്കുന്നതിനും ഒരു നിരക്ക വച്ചിട്ടുണ്ട്. അതാണ് അവരുടെ വരുമാനം.

കേരളനിയമസഭയിൽ നടന്ന പ്രകടനം.

* 1666. [10] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിൽ കയറി, അടുത്ത കാലത്തു പ്രകടനം നടത്തിയതിനു എത്ര പ്രകടനക്കാരെ അറസ്റ്റ ചെയ്തു;

(ബി) ഇവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തോ;

(സി) പ്രതികൾ കുറ്റം സമ്മതിച്ചോ; അതോ തർക്കിക്കുകയാണോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം എസ്. നമ്പൂതിരിപ്പാട്):

(എ) 34.

(ബി) ഉവ്വ്.

(സി) വിസ്താരം ആരംഭിച്ചിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ഇതിൽ എല്ലാ പ്രതികളെ സംബന്ധിച്ചും വിസ്താരം നടത്താൻ പോകുന്നുവെന്നാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: വിസ്താരം ആരംഭിച്ചിട്ടില്ല എന്നു പറഞ്ഞു.

ശ്രീ പി. ആർ. ഫ്രാൻസിസ്: ഈ പ്രതികൾക്ക് സ്പീക്കർ വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ. സ്പീക്കർ ചോദ്യത്തിനു ഉത്തരം പറയാൻ ഇരിക്കുകയല്ല.

ബോട്ടിടിച്ചു കർഷകത്തൊഴിലാളികളും മുങ്ങിമരിച്ച സംഭവം.

* 1667. [12] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൗൺസ്റ്റോർട്ട് വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) വാട്ടർ ടൗൺസ്റ്റോർട്ടുവക എക്സ്പ്രസ്സ് ബോട്ടിടിച്ചു ചിത്തിര കായലിന്റെ തെക്കുവശത്തുള്ള ആറിൽ അഞ്ചു കർഷകത്തൊഴിലാളികളും മുങ്ങി മരിച്ച വിവരം ഗവണ്മെന്റിനറിയാമോ;

(ബി) ബോട്ടുകാരുടെ അശ്രദ്ധയും, ബോട്ടിന്റെ അനിയന്ത്രിതമായ വേഗതയുമായിരുന്നു ഈ അത്യാഹിതത്തിനു കാരണമെന്നു സർക്കാരിനു അറിയാമോ;

(സി) മരിച്ച കർഷകത്തൊഴിലാളികളുടെ സംസ്കാരം തുടങ്ങിയ വകയ്ക്കായി ഗവണ്മെന്റോ, വാട്ടർ ടൗൺസ്റ്റോർട്ട് കാർപ്പറേഷനോ എന്തെങ്കിലും സഹായസഹകരണങ്ങളും നൽകിയോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ഇ) ഈ അത്യാഹിതത്തിനു് ഇടയാക്കിയ ബോട്ടുജീവനക്കാരുടെ മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്): (എ) അറിവില്ല. ബോട്ടു് ഓടിപ്പോയതിന്റെ ഓളത്തിൽപെട്ട ഒരു വള്ളം മുങ്ങിയതിന്റെ ഫലമായി അഞ്ചു തൊഴിലാളികൾ മരിച്ചതായി അറിയാം.

(ബി) ഈ അത്യാഹിതം സംബന്ധിച്ചു് കോടതി മുമ്പാകെ ഒരു കേസു് നിലവിലുള്ളതിനാൽ ഇതിനെപ്പറ്റി ഒരഭിപ്രായം പറയുവാൻ ഗവണ്മെന്റിനു് ഇപ്പോൾ സാധിക്കുകയില്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പോലീസു് കേസു് ചാർജ്ജു് ചെയ്തിട്ടുണ്ടു്.

ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്റർ.

* 1668. [15] ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958-59-ൽ ഈ സ്റ്റേറ്റിൽ എത്ര ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകൾ അനുവദിച്ചിട്ടുണ്ടു്;

(ബി) അങ്ങനെ അനുവദിച്ച ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകളിൽ ചില പ്രത്യേക സമുദായങ്ങളിൽപെട്ടവർക്കു മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു എന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) തലശ്ശേരിയിലുള്ള ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്ററുകളിൽ മുസ്ലീം ബാലികമാർക്കു മാത്രമേ പ്രവേശനം അനുവദിച്ചുള്ളു എന്നു കേൾക്കുന്നതു വാസ്തവമാണോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ) 1958-59-ൽ ടെയിലറിംഗു് ആൻഡു് ഗാർമെന്റു് മേക്കിംഗു് സെന്റർ രണ്ടെണ്ണംമാത്രമേ അനുവദിച്ചിട്ടുള്ളു.

(ബി) ഉണ്ടു്.

(സി) അതെ. എന്നാൽ മുസ്ലീം ബാലികമാരുടെ എണ്ണം തികയാതെ വന്നതുകൊണ്ടു് മറ്റു സമുദായങ്ങളിൽപ്പെട്ട രണ്ടു ബാലികമാർക്കു കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ടു്.

ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ: മുസ്ലീം ബാലികമാരെ മാത്രമേ പ്രവേശനത്തിനു് അനുവദിക്കുകയുള്ളു എന്നുള്ള പ്രസ്താവന പത്രത്തിൽ ഉണ്ടായിരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: പത്രപ്രസ്താവനയെക്കുറിച്ചു് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. മറ്റൊരു സമുദായം മൂലം പുറത്തുപോയി പ്രവൃത്തി എടുക്കാൻ കഴിവില്ലാത്ത മുസ്ലീം ബാലികമാർക്കു് തൊഴിൽ പരിശീലനം കൊടുക്കുന്നതിനുള്ള ഒരു സംരംഭം ആണിതു്.

LIBRARY ARCHIVES Kerala Legislative Assembly